06-08-2022

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : Suraj S

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-06/08/2022.

1. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ സിറ്റി കോർപ്പറേഷൻ കൃഷിഭവനിൽ WCT തെങ്ങിൻ തൈകൾ വിതരണത്തിനായി എത്തിയിട്ടുണ്ട്. തെങ്ങിൻ തൈ ഒന്നിന് അമ്പത് (50) രൂപയാണ് വില. ആവശ്യമുള്ളവർ കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങണമെന്ന് കൃഷിഫീൽഡ് ഓഫീസർ അറിയിക്കുന്നു.

2. കർഷകരുടെ കൃഷിയിടം സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾ വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി വെള്ളായണി ദക്ഷിണമേഖലാ പ്രാദേശിക ഗവേഷണകേന്ദ്രം **'കർഷകസാന്ത്വനം'** എന്ന പദ്ധതി നടത്തിവരുന്നു. കാലവർഷക്കെടുതിയിൽ ദുരിതബാധിതരായ കർഷകർക്ക് സഹായങ്ങൾ എത്തിക്കുന്നതിനായി കർഷകസാന്ത്വനം ഹെൽപ്ഡെസ്ക്ക് രൂപീകരിച്ചിട്ടുണ്ട്. ഇനി പറയുന്ന നമ്പരുകളിൽ വിളിച്ചോ മെസ്സേജ്അയച്ചോ സഹായം തേടാവുന്നതാണ്. ബന്ധപ്പെടേണ്ട വിദഗ്ദ്ധരുടെ നമ്പരുകൾ

1 ഡോ. സന്തോഷ്കുമാർ ടി ( കീടനിയന്ത്രണം, പൊതുവായകാർഷികപ്രശ്നങ്ങൾ ) - **8547058115**

2 ഡോ .ഹീര ജി ( രോഗനിയന്ത്രണം, കൂൺകൃഷി ) - **8921541980**

3 ഡോ . ശ്രീകല ജി.സ് ( സുഗന്ധവിള-വാണിജ്യവിളപരിപാലനം ) -**8547105571**

4 ഡോ.അമൃത വി സ് (തേനീച്ചവളർത്തൽ ) - 9447428656

5 ഡോ.അമീന എം ( വിളപരിപാലനം ) - 9446177109

6. ഡോ രേഖ വി ആർ നായർ (മണ്ണുപരിപാലനം)- 9946464347

3. കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ കർഷകർക്കായി കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന വിഭാഗം, സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഹെൽപ് ഡെസ്ക് പ്രവർത്തനമാരംഭിച്ചു. **8111844463** എന്ന വാട്സാപ്പ് നമ്പറിൽ കൃഷി സംബന്ധമായ സംശയങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്. എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മുതൽ 5 വരെ **0487 2371104** എന്ന ലാൻഡ് ലൈൻ ഫോൺ നമ്പറിലും സേവനം ലഭിക്കുന്നതാണ്. സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഫേസ്ബുക്ക് പേജ് (https://www.facebook.com/CTIMannuthyKau) വഴിയും കർഷകർക്ക് സംശയനിവാരണം നടത്താവുന്നതാണ്.

4. കോട്ടയം മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങളെ ഇരുപത്തിരണ്ടു (22/-) രൂപ നിരക്കിലും പൂവൻ കുഞ്ഞുങ്ങളെ പത്തു (10/-) രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **0481–2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. സംരംഭക വർഷം 2022-23 ന്റെ ഭാഗമായി ഇടുക്കി ജില്ലാ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ **കാർഷിക നൂതന സംരംഭക സാദ്ധ്യതകൾ, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സംസ്കരണ മാർഗ്ഗങ്ങൾ - വ്യാവസായിക സാധ്യതകളും ധനസഹായ ലഭ്യത പദ്ധതികളും ഒരു വിശകലനം** എന്ന വിഷയത്തിൽ ഇന്ന് (ഓഗസ്റ്റ് 6) രാവിലെ 10 മണിക്ക് കണ്ണൻ ദേവൻ ഹിൽസ് ക്ലബ് ഓൾഡ് മൂന്നാറിൽ വച്ച് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. SMAM, PMKSY, AIF തുടങ്ങിയ പദ്ധതികളിലൂടെ കാർഷിക മേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനു ആവശ്യമായ സാങ്കേതിക ജ്ഞാനം പകരുന്നതിനു ഈ ശില്പശാല പ്രയോജനകരമാണ്. തിരുവനന്തപുരം കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിലെ വിദഗ്ദ്ധർ വിഷയങ്ങളിൽ ക്ലാസുകൾ നയിക്കുന്നതാണ്.

6. വെള്ളായണി റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം ജില്ലയിലെ കർഷകർക്കും കർഷക കൂട്ടായ്മകൾക്കുമായി ട്രാക്ടർ, ഞാറുനടീൽ യന്ത്രം, പവ്വർ ടില്ലർ, ഗാർഡൻ ടില്ലർ, മിനി ടില്ലർ, സ്പ്രേയർ കൂടാതെ വിവിധ ചെറുകിട കാർഷിക യന്ത്രങ്ങൾ എന്നിവയിൽ മൂന്ന് ദിവസത്തെ പരിശീലനം സംഘടിപ്പിയ്ക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ സഹിതം rttctvpm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു നൽകുകയോ,

ട്രെയിനിംഗ് സെന്ററുമായി നേരിട്ട് ബന്ധപ്പെടുകയോ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **9383470314, 9383470315** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. റബ്ബർബോർഡ് റബ്ബർനടീലിൽ ഈ മാസം 10-ന് (ആഗസ്റ്റ് 10) ഉച്ചയ്ക്ക് 2.30 മണി മുതൽ 4.30 മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. **റബ്ബർനടീൽ, പരിപാലനം, ഇടവിളക്കൃഷി, കളനാശനം** എന്നിവ ഉൾപ്പെടുന്നതാണ് പരിശീലനപരിപാടി. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ, **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ, training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

8. ആലുവ മഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം **12-ന്** (ആഗസ്റ്റ് 12) **ആട് വളർത്തൽ** എന്ന വിഷയത്തിൽ ഇൻക്യാമ്പസ് പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **0484-2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, **9188522708** എന്ന വാട്ട്സാപ്പ് നമ്പരിൽ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. **മഴക്കാല സംരക്ഷണം കന്നുകാലി കർഷകർക്കുള്ള മാർഗനിർദ്ദേശങ്ങൾ**

✓ മഴ സമയത്ത് തൊഴുത്തിലെ വെള്ളക്കെട്ടിൽ അധിക നേരം കന്നുകാലികൾ നിക്കാൻ ഇടയായാൽ കുളമ്പ് ചീയൽ രോഗം ഉണ്ടാകാനുള്ള സാധ്യതയുള്ളതിനാൽ വളരെ നേർപ്പിച്ച പൊട്ടാസ്യം പെർമാംഗനേറ്റ് ലയനിയോ 20 % ഫോർമാലിൻ ലയനിയോ ഉപയോഗിച്ച് ദിവസവും 2 നേരം കുളമ്പു വൃത്തിയാക്കുക.

✓ മഴക്കാലത്ത് കന്നുകുട്ടികളിൽ ശ്വാസകോശരോഗങ്ങൾ വരുവാനുള്ള സാധ്യതയുള്ളതിനാൽ തൊഴുത്തിലെ ചോർച്ച പരിഹരിക്കുകയും വെള്ളക്കെട്ട് ഒഴിവാക്കുകയും ചെയ്യണം

✓ മഴ സമയത്ത് കന്നുകാലികളിൽ അകിട് വീക്ക രോഗ സാധ്യത കൂടുതലായതിനാൽ പാൽ കറന്ന ശേഷം ടിങ്ച്ചർ അയഡിൻ ലായനിയിലോ ഭീറ്റാഡിൻ ലായനിയിലോ കാമ്പുകൾ മുക്കേണ്ടതാണ്.

✓ ബാഹ്യപരാദങ്ങളായ കൊതുക്, കടിയീച്ചകൾ തുടങ്ങിയവയുടെ ഉപദ്രവം തടയുന്നതിനായി ചാണക കുഴികളിൽ കുമ്മായം വിതറുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

- ✓ കന്നുകാലികളെ ഉറപ്പുള്ള മേൽക്കൂരയ്ക്കടിയിൽ പാർപ്പിക്കുക, തൊഴുത്തിൽ വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥ ഒഴിവാക്കുകയും ചെയ്യുക.
- ✓ കാലിത്തീറ്റ ഈർപ്പം ഏൽക്കാതെ സൂക്ഷിക്കുകയും ചെയുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം